238 (2313) ഡെന്റൽ സർജൻമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഡെന്റൽ സർജന്മാരുടെ നിയമനത്തിനായി പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എന്നാണ് ലിസ്റ്റ് നിലവിൽ വന്നത്;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(സി) ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേരെ നിയമിച്ചു; ഇതിൽ ഓപ്പൺ മെറിറ്റിൽ എത്ര റാങ്കുവരെയുള്ളവർക്കാണ് നിയമനം കിട്ടിയത്;

(ഡി) പുതിയ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) ഇവയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലിസ്റ്റ് നിലവിലുണ്ട്. 28-7-1998-ൽ

(ബി) 27-7-2001-ൽ.

(സി) ലിസ്റ്റിൽ നിന്ന് 45 പേരെ നിയമിച്ചു. ഇതിൽ ഓപ്പൺ മെറിറ്റിൽ 33-ാം റാങ്കുള്ളവർക്കാണ് നിയമനത്തിനുള്ള അഡ്വൈസ്മെമ്മോ നൽകിയത്.

(ഡി)&(ഇ) രണ്ട് ഡന്റൽ സർജൻമാരുടെ ഒഴിവുകളാണ് ഉള്ളത്. പി.എസ്.സി.മുഖേന നിയമനം ലഭിച്ച 3 ഡന്റൽ സർജൻമാർക്ക് ഉപരിപഠനത്തിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഇവരിൽ രണ്ടുപേർക്ക് മേയ് മാസത്തിൽ നിയമനം നൽകേണ്ടതിനാൽ നിലവിലുള്ള രണ്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

239 (2327) വിശ്വകർമ്മ സർവ്വീസ് സൊസൈറ്റിയുടെ നിവേദനം

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സർവ്വീസ് സൊസൈറ്റിയുടെ വിവിധ ആവശ്യങ്ങൾ നടത്തിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ജസ്റ്റീസ് നാരായണപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുക, ഉദ്യോഗ സംവരണത്തിലെ മറ്റ് റൊട്ടേഷൻ പുനഃസംവിധാനം ചെയ്യുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭകളിലേയ്ക്കും വിശ്വകർമ്മ സമുദായത്തിന് സീറ്റ് സംവരണം ചെയ്യുക വിശ്വകർമ്മതൊഴിലാളികളെ നിർമ്മാണത്തൊഴിലാളികളായി സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം പുനഃസ്ഥാപിച്ചു നൽകുക വിശ്വകർമ്മജർക്ക് വാർദ്ധക്യകാല പെൻഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly